## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 2149

22.01.2014 ന് മറുപടി

### കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |
| എ). ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ഫയർ സ്റ്റേഷൻ അനുവദിച്ചത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കഴക്കൂട്ടം, കൂത്താട്ടുകുളം, സീതത്തോട് എന്നീ സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് പരിഗണിച്ച മുൻഗണനയും മാനദണ്ഡങ്ങളും എന്തെല്ലാമാണ് എന്നത് വ്യക്തമാക്കാമോ; | ബി) ജനസംഖ്യാടിസ്ഥാനത്തിലും പ്രാദേശികമായ അത്യാവശ്യവും കണക്കാക്കിയാണ് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത്. |
| സി) കൊയിലാണ്ടിയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) & ഡി) അടുത്ത അഞ്ച് വർഷം കൊണ്ട് ആരംഭിക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ 21-ാമതായി കൊയിലാണ്ടിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്നത് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ